**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7** — **22-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ ഡി.പി.ആർ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. അശാസ്ത്രീയമാണെന്നും കോട്ടയത്തിന് ശേഷമുള്ള അലൈൻമെന്റ് സംബന്ധിച്ച വിവരങ്ങൾ ഡി.പി.ആർ. ൽ ഉൾപ്പെട്ടിട്ടില്ല എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 530 കിലോമീറ്ററിന്റെ വിവരങ്ങളും ഡി.പി.ആറിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഡി.പി.ആർ. ലെ അലൈൻമെന്റ് ഡ്രോയിങ്ങിൽ 115 കി. മീ. ദൂരം വരെയുള്ള ട്രാക്കിന്റെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നത് വസ്തുതയാണോ; | (ബി) | 530 കിലോമീറ്ററിന്റെ വിവരങ്ങളും ഡി.പി.ആറിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ 115 മുതൽ 530കി. മീ. വരെയുള്ള ദൂരത്തിന്റെ ഡ്രോയിങ് ഡി.പി.ആർ. ൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കാമോ; | (സി) | 530 കിലോമീറ്ററിന്റെ വിവരങ്ങളും ഡി.പി.ആറിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) | സിൽവർ ലൈൻ പദ്ധതിയുടെ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി സംബന്ധിച്ച് പഠനങ്ങൾ ഡി.പി.ആർ. ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | സാങ്കേതികപഠന റിപ്പോർട്ടുകളും, സാമ്പത്തിക പഠനങ്ങളും, ഐ.ആർ.ആർ (ഇക്കണോമിക്ക്, ഫിനാൻഷ്യൽ റേറ്റ് ഓഫ് റിട്ടേൺ) വിശകലനം തുടങ്ങിയ എല്ലാ പഠനങ്ങളും ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ., കെ-റെയിൽ അധികൃതർ പരിശോധിച്ച് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ഇ) | നിർദ്ദിഷ്ട സിൽവർലൈൻ പദ്ധതി ഇന്ത്യൻ റെയിൽവേയുടേയും, കേരള സർക്കാരിന്റേയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ-റെയിൽ) എന്ന സ്ഥാപനം മുഖേനയാണ് സർക്കാർ നടപ്പിലാക്കുന്നത്. കെ-റെയിലിന്റെ ഉന്നത ഉദ്യോഗസ്ഥരുടേയും വിദഗ്ധരുടെയും നേതൃത്വത്തിലാണ് സിൽവർ ലൈൻ ഡി.പി.ആർ രൂപകൽപന ചെയ്തിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് കെ-റെയിൽ വിദഗ്ധർ പരിശോധിക്കുകയും കെ-റെയിൽ ബോർഡ് ഓഫ് ഡയറക്ടേഴ്സ് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ